പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5891 08.07.2013 ലെ മറുപടിക്ക്**

**നോർക്കയുടെ കീഴിലുള്ള റിക്രൂട്ടിംഗ് ഏജൻസികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) നോർക്കയുടെ കീഴിൽ ലൈസൻസ് ലഭിച്ചിട്ടുള്ള റിക്രൂട്ടിംഗ് ഏജൻസികൾ ഏതെല്ലാം ; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എയും ബിയും സിയും) റിക്രൂട്ടിംഗ് ഏജന്റ്സിന് ലൈസൻസ് നൽകുവാനോ, റദ്ദുചെയ്യുവാനോ നോർക്കയ്ക്ക് അധികാരമില്ല. 1983-ലെ എമിഗ്രേഷൻ ആക്ട് പ്രകാരം കേന്ദ്ര പ്രവാസി കാര്യ വകുപ്പിന്റെ കീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് മുഖേന കേന്ദ്രസർക്കാരാണ് റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നൽകുന്നത്. |
| (ബി) ഇത്തരത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നൽകി; ഏതൊക്കെ ഏജൻസികൾക്ക്; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | |
| സി) ഇത്തരത്തിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര റിക്രൂട്ടിംഗ് ഏജൻസികളുടെ ലൈസൻസ് നോർക്ക റദ്ദു ചെയ്തു; ഏതൊക്കെ ഏജൻസികൾ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | |
| ഡി) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസികൾ വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് ഉദ്യോഗാർത്ഥികളെയും മറ്റുള്ളവരെയും ചൂഷണം ചെയ്യുന്നതായി കരുതുന്നുണ്ടോ; ഇപ്രകാരമുള്ള എത്ര പരാതികൾ നോർക്കയ്ക്ക് ലഭിച്ചു; ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ; | ഡി) വ്യാജ വിസ നൽകി കബളിപ്പിച്ചതായ 25 പരാതികളും, വാഗ്ദാനം ചെയ്ത ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന 17 പരാതികളും ലഭിച്ചിട്ടുണ്ട്. ഈ പരാതികൾ ജില്ലാ പോലീസ് മേധാവികൾ മുഖേന അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. |

| | |
|---|---|
| ഇ) നോർക്ക 'ട്രീറ്റ്‌വെൽ' എന്ന ഏജൻസിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | ഇയും എഫ്ഉം ജിയും) 'ട്രീറ്റ്‌വെൽ' എന്ന റിക്രൂട്ടിംഗ് ഏജൻസി അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം പരിശോധിക്കുകയും അംഗീകാരമില്ലായെന്ന് കണ്ടെത്തിയതിനാൽ സ്ഥാപനം പൂട്ടി മുദ്രവച്ച് പ്രവർത്തനം നിർത്തലാക്കിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ എമിഗ്രേഷൻ ആക്ട് പ്രകാരം തുടരന്വേഷണം തിരുവനന്തപുരം പോലീസ് കമ്മീഷണർ മുഖേന നടന്നു വരികയാണ്. |
| എഫ്) ഇവർ സംസ്ഥാനത്ത് എന്തെല്ലാം റിക്രൂട്ടിംഗ് നടപടികൾ നടത്തിയിട്ടുണ്ട് ; ഏതെല്ലാം ദൃശ്യ-മാധ്യമങ്ങൾവഴി പരസ്യങ്ങൾ നൽകിയിട്ടുണ്ട് ; ആയത് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | |
| ജി) 'ട്രീറ്റ്‌വെൽ' എന്ന ഏജൻസിയുടെ അനധികൃത നടപടികൾ തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | |

**സെക്ഷൻ ഓഫീസർ**